**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3404** **04-08-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽദിനക്കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ 15.07.2020 മുതലുള്ള വേതനകുടിശ്ശിക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നൽകുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 15.07.2020 മുതൽ അവിദഗ്ധ തൊഴിലാളികൾക്ക് നൽകുന്ന വേതനത്തിൽ നിലവിൽ കുടിശ്ശിക ഇല്ല. |
| (ബി) | കോവിഡ് കാരണം തൊഴിലാളികൾക്ക് നൽകേണ്ട തൊഴിൽദിനങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ; നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾ തൊഴിൽദിനക്കുടിശ്ശികയായി കണക്കാക്കി പിന്നീട് അനുവദിച്ചുനൽകാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ; | (ബി) | ഇല്ല. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരവും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരവും 2020-21 സാമ്പത്തിക വർഷം മുൻ വർഷത്തിലേതിനേക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷം 7.5 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബഡ്ജറ്റ് അംഗീകരിച്ചതിൽ നാളിതുവരെ 0.99 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, തൊഴിൽദിന കുടിശ്ശികയായി പിന്നീട് അനുവദിച്ച് നൽകുന്നതിന് തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ഇല്ല. |
| (സി) | കോവിഡ് കാലത്ത് നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾക്ക് സമാശ്വാസമായി ഏതെങ്കിലും തരത്തിലുള്ള സഹായം തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരവും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരവും 2020-21 സാമ്പത്തിക വർഷം മുൻ വർഷത്തിലേതിനേക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. 2021-22 സാമ്പത്തിക വർഷം 7.5 കോടി തൊഴിൽ ദിനങ്ങളുടെ ലേബർ ബഡ്ജറ്റ് അംഗീകരിച്ചതിൽ നാളിതുവരെ 0.99 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ, തൊഴിൽദിന കുടിശ്ശികയായി പിന്നീട് അനുവദിച്ച് നൽകുന്നതിന് തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ഇല്ല. |

സെക്ഷൻ ഓഫീസർ